**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4209** **28-06-2024 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയിലെ ഹയർഗ്രേഡ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിൽ പഞ്ചായത്ത് സെക്രട്ടറി/ സീനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് റേഷ്യോ അടിസ്ഥാനമാക്കി ഹയർഗ്രേഡ് നൽകാറുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയുടെ ആകെ എണ്ണത്തിന്റെ 25% പേർക്കാണ് ഹയർഗ്രേഡ് നൽകുന്നത്. |
| (ബി) | പ്രസ്തുത വകുപ്പിൽ ആകെ അനുവദിച്ചിട്ടുള്ള പഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികകൾ എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 976 തസ്തികകൾ |
| (സി) | പ്രസ്തുത വകുപ്പിൽ പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഹയർ ഗ്രേഡ് അനുവദിച്ച് അവസാനം ഇറക്കിയ ഉത്തരവ് എന്നാണെന്നറിയിക്കാമോ; പ്രസ്തുത ഉത്തരവിൽ എത്രപേർക്കാണ് ഹയർ ഗ്രേഡ് നൽകിയതെന്നും സീനിയോറിറ്റി ലിസ്റ്റ് പ്രകാരം എത്രാമത്തെ ആൾക്കുവരെ ഹയർ ഗ്രേഡ് ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | പഞ്ചായത്ത് സെക്രട്ടറി/ സീനിയർ സൂപ്രണ്ടുമാർമാർക്ക് ഹയർഗ്രേഡ് അനുവദിച്ച് അവസാനം ഉത്തരവ് ഇറക്കിയത് 14/09/2023 നാണ്. പ്രസ്തുത ഉത്തരവിൽ 64 പേർക്ക് ഹയർഗ്രേഡ് നൽകിയിട്ടുണ്ട്. സീനിയോറിറ്റി നം. 1401 വരെയുള്ളവർക്ക് ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | റേഷ്യോ അടിസ്ഥാനമാക്കി നിലവിൽ എത്ര പേർക്ക് ഹയർ ഗ്രേഡ് നൽകാനുണ്ടെന്നും അതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; പ്രസ്തുത ഗ്രേഡ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് എന്ന് പുറപ്പെടുവിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (ഡി) | റേഷ്യോ അടിസ്ഥാനമാക്കി നിലവിൽ 36 പേർക്ക് ഹയർഗ്രേഡ് നൽകാനുണ്ട്. പ്രസ്തുത ഒഴിവിലേക്ക് ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ